പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

## വിദ്യാഭ്യാസം

## 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI

## വിദ്യാഭ്യാസം

## 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

1090/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## വിദ്യാഭ്യാസം

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. ഉമ്മർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# അവതാരിക

2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ധനാഭ്യർത്ഥന നമ്പർ XVII-ൽ ഉൾപ്പെടുന്നതും സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ പരിധിയിൽ വരുന്നതുമായ ശുപാർശകളിന്മേൽ നാളിതുവരെ സമിതിക്ക് ലഭ്യമായ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 17-7-2012-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് സമിതിയുടെ തീരുമാനം ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

രണ്ടുഭാഗങ്ങളുള്ള ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ റിപ്പോർട്ടുകളിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ഭാഗം 2-ൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളും ചേർത്തിരിക്കുന്നു. പ്രസ്തുത വിവരം സംക്ഷിപ്ത രൂപത്തിൽ വകുപ്പ് തിരിച്ച് ഈ റിപ്പോർട്ടിന്റെ അവസാനഭാഗത്ത് ചേർത്തിരിക്കുന്നു.

2012 ജൂലൈ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2012 ജൂലൈ 17.

# റിപ്പോർട്ട്

## ഭാഗം 1

## 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിച്ചവ

### പൊതുവിദ്യാഭ്യാസം

ശുപാർശ (ഖണ്ഡിക 1)

2202-01-111-99—സർവ്വശിക്ഷാ അഭിയാൻ

6 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട നിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ള 'സർവ്വശിക്ഷാ അഭിയാൻ' എന്ന സ്കീമിൽ കേന്ദ്ര വിഹിതം 65%-ഉം സംസ്ഥാന വിഹിതം 35%-ഉം ആണ്. പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 4 കോടി രൂപയ്ക്ക് പുറമെ 32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 1-ൽ പരാമർശിച്ചിട്ടുള്ള ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത അധികതുക 2011-12 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ കുറവ് സംഭവിക്കാതെ തന്നെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 2)

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ് എന്നിവയ്ക്കായും പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതി നടത്തിപ്പിനായും ഉള്ള ഈ ശീർഷകത്തിൽ 16.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ നടത്തിപ്പിനായി ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, അലവൻസ് യാത്രാചെലവ് എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ 16.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 13.20 കോടി രൂപ ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ളതാണ്. പ്രസ്തുത തുക മുട്ട വിതരണത്തിന് അപര്യാപ്തമായതിനാൽ അധിക തുക ആവശ്യമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ഫണ്ടായി 5 കോടി രൂപ കൂടി

ജി.ഒ. (സാധാ) നമ്പർ 1742/12/ഫിൻ. തീയതി 25-2-2012 പ്രകാരം ലഭിക്കുക യുണ്ടായി. അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ 2011-12-ൽ ഇനിയും അധികതുക ആവശ്യമില്ല എന്നറിയിക്കുന്നു.

ശുപാർശ (ഖണ്ഡിക 3)

2202-01-800-83—വൈകല്യമുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം

ഒന്നുമുതൽ 8-ാം ക്ലാസ്സ് വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന 40905 കുട്ടികൾക്ക് പുസ്തകങ്ങൾക്കും സ്റ്റേഷനറികൾക്കുമായി 400 രൂപ, യൂണിഫോം അലവൻസായി 200 രൂപ, യാത്രാ അലവൻസായി 500 രൂപ, അംഗവൈകല്യമുള്ള കുട്ടികൾക്ക് എസ്കോർട്ട് അലവൻസായി 750 രൂപ, കാഴ്ചയില്ലാത്തവർക്ക് വായിച്ച് കൊടുക്കുന്നതിനുള്ള അലവൻസായി 500 രൂപ എന്നിങ്ങനെ പ്രതിവർഷം നൽകുന്ന ഈ പദ്ധതിക്ക് 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 2.73 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 3-ൽ പരാമർശിച്ചിട്ടുള്ള ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത അധികതുക 2011-12 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ കുറവ് സംഭവിക്കാതെ തന്നെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 4)

2202-01-800-82—ഒന്നാം ക്ലാസ്സിൽ കൂടുതൽ കുട്ടികളെ ചേർക്കുന്ന ഗവൺമെന്റ് വിദ്യാലയങ്ങൾക്കുള്ള പ്രോത്സാഹനം

ഓരോ റവന്യൂ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്ന സർക്കാർ സ്കൂളുകൾ 10 ലക്ഷം രൂപ വീതം പ്രത്യേക പ്രോത്സാഹന ഗ്രാന്റായി നൽകുന്ന ഈ പദ്ധതി 2010-11-ൽ ആരംഭിക്കുകയും 140 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. സർക്കാർ സ്കൂളുകളുടെ ഉന്നമനത്തിനുതകുന്ന ഈ പദ്ധതി തുടരേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഒന്നാം ക്ലാസ്സിൽ കൂടുതൽ കുട്ടികളെ ചേർക്കുന്ന ഗവൺമെന്റ് വിദ്യാലയങ്ങൾക്കുള്ള പ്രോത്സാഹന ഗ്രാന്റായി നൽകുന്ന ഈ പദ്ധതി 'അയൽപക്ക സ്കൂളുകൾ' എന്ന സംവിധാനം നിലവിൽ വരുന്നതോടെ തുടരേണ്ടതില്ല.

ശുപാർശ (ഖണ്ഡിക 5)

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടറേറ്റ്

ഒരു ജില്ലയിൽ തെരഞ്ഞെടുക്കപ്പെടുന്ന 2 സ്കൂളുകൾക്ക് മോഡൽ ലബോറട്ടറി സൗകര്യങ്ങൾ, പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകളായി മാറ്റുന്നതിന് 2011-12 വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മാകയാൽ മൂന്നുകോടി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 6)

വൊക്കേഷണൽ വിദ്യാലയങ്ങൾക്ക് കെട്ടിടനിർമ്മാണം, വി.എച്ച്.എസ്.ഇ. വിഭാഗ ത്തിനായി പ്രത്യേക ക്ലാസ്സ് റൂമുകൾ, ലബോറട്ടറി സൗകര്യങ്ങൾ, സ്റ്റാഫ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 7)

2202-02-109-86-34—ഹയർ സെക്കന്ററി എഡ്യുക്കേഷൻ (പ്ലസ് ടു കോഴ്സ്)—മറ്റു ചെലവുകൾ

സംസ്ഥാനത്ത് 1446 ഹയർ സെക്കന്ററി സ്കൂളുകളിലായി പഠിക്കുന്ന 7.5 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം കൗൺസിലിംഗും നൽകുന്ന ഈ പദ്ധതിക്ക് 75 ലക്ഷം രൂപയാണ് ഇപ്പോൾ വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ തുക കൊണ്ട് 700 സ്കൂളുകളിൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിയുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുവാൻ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 8)

2202-02-109-79—ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ്, ലൈബ്രറികൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനം

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം, ലാബ്, ലൈബ്രറികളുടെ വികസനം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്നും, പ്രസ്തുത അടിസ്ഥാന വികസനം വളരെ അത്യാവശ്യമുള്ള 200 സ്കൂളുകൾക്ക് 6 ലക്ഷം രൂപ വീതം ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചർ, ലൈബ്രറി മുതലായവയ്ക്ക് നൽകുന്നതിനായി 12 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 5, 6, 7, 8-ൽ പരാമർശിച്ചിട്ടുള്ള ശീർഷകങ്ങളിൽ സമിതി ശുപാർശ ചെയ്ത അധികതുക 2011-12 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ കുറവ് സംഭവിക്കാതെ തന്നെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 25)

2204-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ധനസഹായം (50% കേന്ദ്രാവിഷ്കൃതം)

സാക്ഷരതാരംഗത്ത് ഇന്ത്യയ്ക്കുതന്നെ മാതൃകയായ ഒട്ടേറെ പ്രവർത്തന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്തെ സാക്ഷരതാ മിഷന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 25-ൽ പരാമർശിച്ചിട്ടുള്ള ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത അധിക തുക 2011-12 സാമ്പത്തികവർഷത്തിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ കുറവ് സംഭവിക്കാതെ തന്നെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിച്ചിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

ശുപാർശ (ഖണ്ഡിക 10)

2202-03-102-99—കേരള സർവ്വകലാശാല ധനസഹായം

ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശികയും റിട്ടയർ ആയവർക്ക് പെൻഷനും നൽകുന്നതിനായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ 40 കോടി 55 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 11)

2202-03-102-98—കോഴിക്കോട് സർവ്വകലാശാല ധനസഹായം

ശമ്പള പരിഷ്കരണംമൂലം പെൻഷൻ ഇനത്തിലും ശമ്പള ഇനത്തിലും ഉണ്ടായ വർദ്ധനവ് വഹിക്കുന്നതിനായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 12)

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല ധനസഹായം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്നുവരുന്ന നിർമ്മാണ/വികസന പ്രവർത്തനങ്ങൾക്കായും ഇന്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകൾക്കു വേണ്ടിയും ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ പദ്ധതിയേതര ഇനത്തിൽ 37 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 13)

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

2011-12 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളവും അലവൻസുകളും നൽകുന്നതിന് കണ്ണൂർ സർവ്വകലാശാലയ്ക്ക് ധനസഹായമായി 1.61 കോടി രൂപയും കൂടാതെ ദിവസക്കൂലിയിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പദ്ധതിയേതര ഇനത്തിൽ 90 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 14)

താവക്കരയിൽ അക്കാദമിക് അഡ്മിനിസ്ട്രേഷൻ കെട്ടിടനിർമ്മാണത്തിനും, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസ് സ്ഥാപിക്കുവാൻ മൊറാഴയിൽ സ്ഥലമെടുക്കുന്നതിനുമായി പദ്ധതിയിനത്തിൽ 2,000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 15)

2202-03-102-82—ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആർ.ഐ.ഡി.എഫ്.)

നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുന്ന ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യവികസനത്തിനുമായി പദ്ധതിയിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 16)

അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള നിരക്കും അനദ്ധ്യാപകർക്ക് പുതുക്കിയ ശമ്പളപരിഷ്കരണ നിരക്കും ബാധകമാക്കിയതിനാൽ ഇതിനായി പദ്ധതിയിതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 10, 11, 12, 13, 14, 15, 16

വിഷയനിർണ്ണയ സമിതിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. വിഭവലഭ്യതയുടെ പരിമിതി കാരണം സമിതി ശുപാർശ ചെയ്തിട്ടുള്ള പ്രകാരം സർവ്വകലാശാലകൾക്ക് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്നുള്ള കാര്യം വിഷയനിർണ്ണയ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശുപാർശ (ഖണ്ഡിക 18)

2202-03-800-55—ചരിത്ര ഗവേഷണത്തിനായി രൂപീകരിച്ച കേരള കൗൺസിൽ

2202-03-800-58

2010-11 വർഷം മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ (കെ. സി. എച്ച്. ആർ.) ഭരണപരമായ നിയന്ത്രണം ഉന്നതവിദ്യാഭ്യാസ വകുപ്പിനാണ്. കെ. സി. എച്ച്. ആർ.-ന് 2011-12 സാമ്പത്തികവർഷം പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക വളരെ കുറവായതിനാൽ ഈ ഇനത്തിൽ 61.60 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി സംബന്ധിച്ച സ്ഥിതിവിശേഷം ഇപ്പോഴും തുടരുന്നതിനാൽ പദ്ധതിയേതര ഇനത്തിൽ 61.60 ലക്ഷം രൂപ കൂടി കെ.സി.എച്ച്.ആർ.-ന് 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റി ശുപാർശ പരിഗണിക്കാൻ കഴിയില്ല എന്നവിവരം അറിയിക്കുന്നു.

**പ്രസ്തുത സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, മുസിരിസ് പട്ടണത്തിൽ കൗൺസിൽ നടത്തിയ എക്സ്കവേഷനുമായി ബന്ധപ്പെട്ട് HmIvkvt^mÀUv bqWn-th-gvknän യുടെ ആർക്കിയോളജി വിഭാഗവുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടുള്ള പ്രവൃത്തി ഉൾപ്പെടെ ലോകശ്രദ്ധയാകർഷിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്ന കേരള ചരിത്രഗവേഷണ കൗൺസിലിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാരിൽനിന്നുണ്ടാകണമെന്ന് സമിതി അഭിപ്രായം രേഖപ്പെടുത്തി.**

ശുപാർശ (ഖണ്ഡിക 19)

2202-03-800-93—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ്

ഓഫീസ് ചെലവിനത്തിൽ ഉൾപ്പെടുന്ന വാട്ടർ ചാർജ്ജ് ഇനത്തിൽ ഏകദേശം 3.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം 43,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 20)

ഓഫീസ് മന്ദിരത്തിന്റെയും ഗോഡൗൺ, കാർഷെഡ് എന്നിവയുടെയും വാടക പുതുക്കിയ നിരക്കിൽ നൽകുന്നതിനായും ടി ഇനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും പുതിയതായി വാടകയ്ക്ക് എടുക്കാൻ അനുമതി ലഭിച്ച 3850 സ്ക്വയർ ഫീറ്റ് സ്ഥലത്തിന്റെ വാടക നൽകുന്നതിനുമായും 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 21)

പതിമൂന്നോളം വിവിധ പ്രവേശന പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, ഉത്തരക്കടലാസിന്റെ പരിശോധന എന്നിവയിലുള്ള ചെലവ് ഓരോ വർഷവും ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 22)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക മറ്റ് ചെലവുകൾക്ക് അപര്യാപ്തമാകയാൽ ഈയിനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിലേക്കായി സർക്കാരിലേക്ക് അഭ്യർത്ഥിച്ച പ്രകാരം സർക്കാർ ഉത്തരവ് നമ്പർ G.O.(Rt.)8655/11/Fin. dated 25-11-2011 പ്രകാരം ഓഫീസ് ചെലവുകൾക്കായി 60,000 രൂപയും വാടക, കരം നികുതി ഇനത്തിൽ 11,00,000 രൂപയും രഹസ്യ സേവന ചെലവിനത്തിൽ 35,00,000 രൂപയും ആകെ 46,60,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 27)

2203-00-102-99—കൊച്ചി യൂണിവേഴ്സിറ്റി, ധനസഹായം-കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

2006-ലെ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത് 2010-ലാണെന്നും കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ശമ്പള കുടിശ്ശിക നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 28)

മറൈൻ സയൻസ് മേഖലയിൽ വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മറൈൻ സയൻസിന്റെ കെട്ടിട നിർമ്മാണത്തിനും മറ്റ് ഇൻഫ്രാസ്ട്രക്ചറിനുമായി പദ്ധതിയിനത്തിൽ 32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 27, 28

വിഷയനിർണ്ണയ സമിതിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. വിഭവലഭ്യതയുടെ പരിമിതി കാരണം സമിതി ശുപാർശ ചെയ്തിട്ടുള്ള പ്രകാരം സർവ്വകലാശാലകൾക്ക് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്നുള്ള കാര്യം വിഷയനിർണ്ണയ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശുപാർശ (ഖണ്ഡിക 29)

2203-00-800-91—ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്റർ ധനസഹായം

നവീകരണത്തിന്റെ പാതയിലുള്ള സെന്ററിന്റെ വിവിധ ആവശ്യങ്ങൾക്കും യന്ത്രസാമഗ്രികളുടെ നവീകരണങ്ങൾക്കുമായി 2011-12 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക 30)

2203-00-800-79—കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം

മ്യൂസിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 2010-11 സാമ്പത്തികവർഷം അനുവദിച്ച തുക ഈ സാമ്പത്തിക വർഷവും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക 31)

2203-00-800-88—ഇൻസ്റ്റിറ്റ്യൂട്ട് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻ ഇലക്ട്രോണിക്സ് ഗ്രാന്റ്-ഇൻ-എയിഡ്

സർക്കാർ സ്വയംഭരണ സ്ഥാപനമായ IHRD-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും അടിസ്ഥാന വികസനത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി. നിഷ്ക്കർഷിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ നൽകുന്ന

തിനും കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് പ്രവർത്തനങ്ങൾക്കും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2010-11 സാമ്പത്തികവർഷം അനുവദിച്ച തുക തന്നെ ഈ സാമ്പത്തിക വർഷവും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തികവർഷം ഐ.എച്ച്.ആർ.ഡി.ക്കായി പദ്ധതിയിനത്തിൽ 687 ലക്ഷം രൂപ അനുവദിച്ചുനൽകിയിരുന്നു. 2011-12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഐ.എച്ച്.ആർ.ഡി.ക്കായി 2203-00-800-88 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽപ്പെടുത്തി 600 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇത് കൂടാതെ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ വനിതകൾക്കും, ദുർബ്ബല വിഭാഗങ്ങൾക്കുമുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിനായി ഉപധനാഭ്യർത്ഥന മുഖാന്തിരം 2.16 കോടി രൂപയും അടിസ്ഥാന സൗകര്യവികസനത്തിനായി (നിർമ്മാണം) റീ അപ്രോപ്രിയേഷൻ മുഖാന്തിരം 50 ലക്ഷം രൂപയും 2011-12-ൽ അനുവദിച്ചുനൽകിയിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 32)

2204-00-102-90—സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ

എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ സ്വാശ്രയബോധം, സ്വതന്ത്രചിന്ത, ഉയർന്ന ദേശീയബോധം, മതനിരപേക്ഷത, ശക്തമായ മൂല്യബോധം എന്നിവ ഉയർത്തുന്നതിനും, ദേശീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 37.38 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 33)

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായി യൂണിറ്റുതല പരിപാടികൾ സംഘടിപ്പിക്കുന്നതിനും 55.05 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഖണ്ഡിക നമ്പർ 32, 33

കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VI (സാമൂഹ്യസേവനം)യുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2010-11) 32, 33 എന്നീ ഖണ്ഡികകളിലും സമിതി ഇപ്പോഴത്തെ ശുപാർശകൾക്ക് സമാനമായ ശുപാർശകൾ ഉൾപ്പെടുത്തിയിരുന്നു. സമിതിയുടെ പ്രസ്തുത ശുപാർശകളുടെ വെളിച്ചത്തിൽ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ സമർപ്പിച്ചിരുന്ന എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം', സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്

എതിരെ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനുള്ള 'ആന്റി ഡ്രഗ് കാമ്പയിൻ' എന്നീ പ്രൊപ്പോസലുകൾ ശുപാർശ ചെയ്ത് തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നു. എന്നാൽ ടി പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച്, സഹായം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ അധിക തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ പദ്ധതികളുടെ അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള വ്യക്തവും വിശദവുമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും പ്രൊപ്പോസലുകൾ ലഭ്യമായാലുടൻ തന്നെ അവ പരിശോധിച്ച് ശുപാർശ സഹിതം കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്ന താണ് എന്നും അന്ന് സമിതിക്ക് 11-1-2011-ലെ 28730/എ1/10/ഉവിവ. പ്രകാരം മറു പടി നൽകുകയും സമിതി പ്രസ്തുത മറുപടി പരിഗണിക്കുകയും ചെയ്തിരുന്നു.

തുടർന്ന് 1-3-2011-ലെ 28730/എ1/10/ഉവിവ. നമ്പർ കത്ത് പ്രകാരം എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ തയ്യാറാക്കി നൽകിയ 37,38,000 രൂപ ധനസഹായം ലഭിക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം" 55,02,000 രൂപ ധനസഹായം ലഭിക്കുന്നതിനുള്ള "ആന്റി ഡ്രഗ് കാമ്പയിൻ" എന്നീ രണ്ട് പ്രൊപ്പോസ ലുകൾ സർക്കാർ ശുപാർശ ചെയ്ത് ധനസഹായം അനുവദിക്കുന്നതിനായി കേന്ദ്ര യുവജനകാര്യവും സ്പോർട്സും മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയുണ്ടായി. 30-9-2011-ന് കേന്ദ്രത്തിന് ടി പദ്ധതികൾക്കായി ധനസഹായം എത്രയും വേഗം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരു ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം ഇതുവരെയും അറിയിച്ചിട്ടില്ല. കേന്ദ്രത്തിൽ നിന്ന് ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

### ശുപാർശ (ഖണ്ഡിക 34)

### 2205-00-105-99—ലൈബ്രറികൾ, ഗ്രന്ഥശാലാ സംഘം മുതലായവയ്ക്കുള്ള ധനസഹായം

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറിക ളിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും മറ്റ് അലവൻസുകളും നൽകുന്നതിനായി പുതിയൊരു ശീർഷകത്തിൽ 21.63 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കൗൺസിലിനോടാവശ്യപ്പെടുകയും കൗൺസിൽ 29-6-2012-ലെ B1-2815/11 പ്രകാരം സമർപ്പിച്ച അപേക്ഷ 3946/A2/2012/ഉ.വി.വ. ഫയലിൽ ശുപാർശ ചെയ്ത് ധനവകുപ്പി ലേക്ക് അയച്ചിട്ടുണ്ട്. ധനവകുപ്പിന്റെ തീരുമാനം അറിയിച്ചിട്ടില്ല.

ശുപാർശ (ഖണ്ഡിക 35)

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഓർഗനൈസേഷൻ ഗ്രാന്റ് (രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന്റെ മാച്ചിംഗ് ഗ്രാന്റിൽ സർക്കാർ വിഹിതമായ കുടിശ്ശിക ഉൾപ്പെടെ), സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് വകയിരുത്തിട്ടുള്ള തുകയ്ക്ക് പുറമേ, പദ്ധതിയേതരയിനത്തിൽ പുതിയ ശീർഷകത്തിൽ 320 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ 45614/എ2/11/ഉവിവ. ഫയലിൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന് നൽകുന്നതിനുള്ള മാച്ചിംഗ് ഷെയറും ഉൾപ്പെടുത്തിയാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ അധിക തുക അനുവദിക്കാൻ കഴിയുകയില്ലായെന്നും ധനകാര്യ വകുപ്പ് 20-3-2010-ലെ 8536/Edn.B2/12/Fin. പ്രകാരം അറിയിച്ചിട്ടുണ്ട്.

**ശാസ്ത്രസാങ്കേതിക വകുപ്പ്**

ശുപാർശ (ഖണ്ഡിക 36)

3425-60-200-71—ശാസ്ത്ര സാങ്കേതിക പരിസ്ഥിതിക്കുള്ള സംസ്ഥാന സമിതി ധനസഹായം

കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.ആർ. ശമ്പള ഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനാലും കേന്ദ്ര ഗവൺമെന്റിന്റെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനാലും ഈ ഇനത്തിലെ വർദ്ധിച്ച ചെലവ് വഹിക്കുവാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 1028.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 37)

കൗൺസിലിന്റെ സംസ്ഥാന ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനായി ഒറ്റത്തവണ അധിക ഗ്രാന്റായി നോൺപ്ലാൻ ഗ്രാന്റ് ഇനത്തിൽ 3112 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശുപാർശ നമ്പർ 36, 37

ശമ്പള പരിഷ്ക്കരണം, ഡി.എ. വർദ്ധനവ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ വർദ്ധനവ്, കൗൺസിലിലെ ഭരണ, സാങ്കേതിക ശാസ്ത്രീയ കേഡറുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നത്, റിട്ടയർ ചെയ്ത കൗൺസിൽ ജീവനക്കാരുടെ ടെർമിനൽ ബെനിഫിറ്റ്സ് നൽകുന്നത് എന്നീ കാര്യങ്ങൾക്കായി കൗൺസിലിന്റെ പദ്ധതിയേതര ഗ്രാന്റിൽ വർദ്ധനവ് ആവശ്യമായിവരുന്നു എന്നും ഈ വർദ്ധിച്ച ചെലവ് വഹിക്കുന്നതിന് ഒരു വർഷം 1470 ലക്ഷം രൂപ അധികമായി വേണ്ടിവരുന്നു എന്നുള്ള സാഹചര്യത്തിൽ ഈ കുറവ് പരിഹരിക്കുന്നതിനും കൗൺസിലിന്റെയും

അതിനുകീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിലെയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ഒറ്റത്തവണ ഗ്രാന്റായി 3112 ലക്ഷം രൂപ അനുവദിക്കണമെന്നും വാർഷിക പദ്ധതിയേതര ധനസഹായം 2939.59-ൽ നിന്നും 3968 ലക്ഷത്തിലേക്ക് 2011-2012 മുതൽ ഉയർത്തി അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള 28-5-2011-ലുള്ള നിർദ്ദേശം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം ധനകാര്യ വകുപ്പുമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ EPF, Gratuity ഇനത്തിൽ നൽകിയിട്ടുള്ള അധിക തുക തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് മേൽപ്പറഞ്ഞ നിർദ്ദേശം ധനകാര്യ വകുപ്പ് നിരാകരിക്കുകയുണ്ടായി (12-10-2011).

എന്നാൽ ഇക്കാര്യം വീണ്ടും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും (1-2-2012) അതനുസരിച്ച് 3112 ലക്ഷം രൂപയുടെ സ്ഥാനത്ത് സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെയും സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെയും കുടിശ്ശിക തീർക്കുന്നതിലേക്കായി 2078 ലക്ഷം രൂപയെങ്കിലും അത്യാവശ്യമായി ലഭ്യമാക്കണമെന്ന് 23-2-2012-ലെ നിർദ്ദേശം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സമർപ്പിക്കുകയും പ്രസ്തുത നിർദ്ദേശം പരിശോധിച്ച് 12 കോടി രൂപ ഒറ്റത്തവണ പദ്ധതിയേതര ഗ്രാന്റായി അനുവദിച്ചുകൊണ്ട് 26-4-2012-ലെ സ.ഉ.(സാധാ) 27/2012/ ശാ.സാ.വ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പദ്ധതിയേതര ഗ്രാന്റിലെ കുറവ് നികത്തി അധികമായി ആവശ്യപ്പെട്ട 1028.41 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിഗണിക്കപ്പെട്ടില്ല.

**കായിക യുവജനകാര്യ വകുപ്പ്**

ശുപാർശ (ഖണ്ഡിക 38)

2204-00-103-98—യൂത്ത് വെൽഫെയർ ബോർഡ് ധനസഹായം

യുവശക്തി പദ്ധതി, കേരളോത്സവം, ദേശീയ യുവജനോത്സവം എന്നിവയുടെ നടത്തിപ്പിനായി ബോർഡിൽ നിന്നുള്ള സഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷം ധനകാര്യവകുപ്പ് അധികതുക അനുവദിച്ചിരുന്നില്ല. എന്നാൽ 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ പദ്ധതിയിനത്തിൽ യുവജനക്ഷേമ ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 39)

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവത്തിന്റെ നടത്തിപ്പിനായി നൽകുന്ന സാമ്പത്തിക സഹായ തുക വർദ്ധിപ്പിക്കേണ്ടതാണെന്നും പഞ്ചായത്ത് തലത്തിൽ ഈ തുക 10,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളോത്സവത്തിന്റെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം താഴെപ്പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട് :

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുതലം | : | 10,000 |
| ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | : | 20,000 |
| ജില്ലാ പഞ്ചായത്ത് | : | 85,000 |
| സംസ്ഥാനതലം | : | 7,00,000 |

## സാംസ്കാരികകാര്യ വകുപ്പ്

ശുപാർശ (ഖണ്ഡിക 46)

2205-00-101-96—ജവഹർ ബാലഭവൻ ധനസഹായം

2011-12 സാമ്പത്തിക വർഷത്തിൽ ബാലഭവൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള അധിക ബാധ്യത വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 319.84 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതകൂടി കണക്കിലെടുത്ത് തിരുവനന്തപുരം ജവഹർ ബാലഭവന് നടപ്പുവർഷം ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിന് അധികമായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 53)

2205-00-102-65—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള ധനസഹായം—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

സ്റ്റുഡിയോകളുടെയും തീയേറ്ററുകളുടെയും വികസനവും സിനിമാ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കലുമാണ് കോർപ്പറേഷന്റെ മുഖ്യപ്രവർത്തനങ്ങൾ. പ്രധാന മായും കെ.എസ്.എഫ്.ഡി.സി.യുടെ മോഡണൈസേഷനും കൂടാതെ കലാമൂല്യമുള്ള ചിത്രങ്ങൾ KSFDC-യുടെ തീയേറ്ററുകളിൽ തുടർച്ചയായി പ്രദർശിപ്പിച്ചതുമൂലം പ്രതിവർഷം ഏകദേശം 25 ലക്ഷം രൂപ വീതമുള്ള നഷ്ടം നികത്തുന്നതിനും പദ്ധതി യിനത്തിൽ 19 കോടി രൂപയും ഹഡ്കോയിൽ നിന്നുമുള്ള ലോൺ തിരിച്ചടയ്ക്കുന്നതി നായി പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തികവർഷം 4202-04-190-99 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ വിഭവശേഷിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക 58)

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ മൃഗങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനായുള്ള 24-സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക സാധനസാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീർത്തും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-1-2012-ലെ സ.ഉ. (സാധാ) 117/12/ധന. നമ്പർ ഉത്തരവ് പ്രകാരം 2205-00-107-99-24 ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 59)

ജലത്തിന്റെ ഉപഭോഗം വളരെ കൂടുതലുള്ള ഈ വകുപ്പിൽ കുടിശ്ശിക തീർക്കുന്നതിനായി '05-1-വെള്ളക്കരം' എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-1-2012-ലെ സ.ഉ.(സാധാ) നമ്പർ 117/12/ധന. നമ്പർ ഉത്തരവ് പ്രകാരം 2205-00-107-99-05-1 ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 60)

'05-2-വൈദ്യുതി ചാർജ്ജ്' എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-1-2012-ലെ സ.ഉ. (സാധാ) 117/12/ധന. നമ്പർ ഉത്തരവ് പ്രകാരം 2205-00-107-05-02 വൈദ്യുതി ചാർജ് ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 61)

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി സോളാർ പാനലുകൾ ഉപയോഗിച്ച് മ്യൂസിയം കോമ്പൗണ്ടിലും മൃഗശാലയിലും യാർഡ് ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി സോളാർ പാനലുകൾ ഉപയോഗിച്ച് മ്യൂസിയം കോമ്പൗണ്ടിലും മൃഗശാലയിലും LED ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

<u>ശുപാർശ (ഖണ്ഡിക 62)</u>

2205-00-800-76—<u>വിവിധോദ്ദേശ സാംസ്കാരിക സമുച്ചയ സംഘം—ധനസഹായം</u>

കേരളത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ആരംഭിച്ച മൾട്ടിപർപ്പസ് കൾച്ചറൽ കോംപ്ലക്സിന് ദേശീയ തലത്തിൽ ക്ലാസിക്കൽ ഡാൻസ് സെമിനാർ, മുദ്ര ഫെസ്റ്റിവൽ, താളം ഫെസ്റ്റിവൽ, വിദ്യാർത്ഥികൾക്കായി ഓപ്പൺ സ്കൂൾ സജ്ജീകരണം, മാമ്പഴക്കാലം-അവധിക്കാലക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ സജ്ജീകരണം, അവധിക്കാല ക്ലാസ്/പരിശീലനം (മാമ്പഴക്കാലം) സംഘടിപ്പിക്കൽ എന്നിവയ്ക്കായി 31-3-2012-ലെ സ.ഉ.(സാധാ) നമ്പർ 233/12/സാം.കാ.വ. ഉത്തരവു പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം കൂടുതൽ തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

**ഭാഗം 2**

<u>2011-2012 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവ</u>

**പൊതുവിദ്യാഭ്യാസ വകുപ്പ്**

<u>ശുപാർശ (ഖണ്ഡിക 9)</u>

2202-02-800-80—<u>ഹൈസ്കൂൾ തലത്തിൽ വൊക്കേഷണൽ വിദ്യാഭ്യാസം</u>

തൊഴിലിനെപ്പറ്റിയും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും ശരിയായ ധാരണ ലഭിക്കുന്നതിനായി പത്താം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി പൂർണ്ണമായ അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ഓരോ ഹൈസ്കൂളുകളിലും ഓരോ തൊഴിലധിഷ്ഠിത കോഴ്സ് വീതം ആരംഭിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് 2011-12 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കായി 34.5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 24)

2202-04-103-96—കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിനുള്ള ധനസഹായം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്ക് സന്നദ്ധ സാങ്കേതിക പിന്തുണ നൽകുന്നതിനും പ്രസ്തുത സംരംഭങ്ങൾക്ക് സമൂഹത്തെ സജ്ജവും പ്രാപ്തവും ആക്കുന്നതിനും വേണ്ടിയാണ് കരകുളം ഗ്രാമീണ പഠനകേന്ദ്രം 2008-09-ൽ ആരംഭിച്ചത്. സ്വന്തമായി ആസ്ഥാനവും പഠിതാക്കൾക്ക് താമസം, പരിശീലനം മുതലായ സൗകര്യം ഒരുക്കുന്നതിനുവേണ്ടി പ്രസ്തുത ഗ്രാമീണ പഠനകേന്ദ്രത്തിന് കഴിഞ്ഞ സാമ്പത്തികവർഷം 15 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 26)

2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്

ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും വേണ്ടിയുള്ള പദ്ധതിയേതര വിഹിതത്തിൽ 2011-12 വർഷം ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

ശുപാർശ (ഖണ്ഡിക 17)

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനുള്ള ധനസഹായം

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിലും അനദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ സർവ്വീസ് സ്കെയിലിലും പരിഷ്കരിച്ച ശമ്പളം നൽകുന്നതിനായി 2011-12-ൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ 293.51 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 23)

2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം—ധനസഹായം

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് തുടർ വിദ്യാഭ്യാസ കേന്ദ്രം. ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി പൊന്നാനിയിൽ സ്ഥാപിച്ച തൊഴിൽ വികസന ഇൻസ്റ്റിറ്റ്യൂട്ടിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കായികയുവജനകാര്യ വകുപ്പ്**

ശുപാർശ (ഖണ്ഡിക 40)

2204-00-104-97—കേരള സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണം, കായിക ഉപകരണങ്ങൾ, യൂണിഫോം, ട്രാക്ക് സ്യൂട്ട് തുടങ്ങിയവ വാങ്ങൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പഞ്ചായത്ത് യുവജന ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) സംസ്ഥാന വിഹിതം, കളിസ്ഥല നിർമ്മാണത്തിനായി സ്കൂൾ/കോളേജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 7 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 41)

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായികമത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനതുക

കഴിഞ്ഞ വർഷം കോമൺവെൽത്ത് ഗെയിംസ് ജേതാക്കൾക്ക് അടിയന്തിരമായി സമ്മാനത്തുക വിതരണം ചെയ്തതുമൂലം 2008-09, 2009-10 വർഷങ്ങളിലെ മത്സര ജേതാക്കൾക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യാൻ കഴിഞ്ഞില്ല. ആയതിനാൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സാംസ്കാരികകാര്യ വകുപ്പ്**

ശുപാർശ (ഖണ്ഡിക 42)

2202-05-102-98—സംസ്ഥാന വിജ്ഞാനകോശ പ്രസിദ്ധീകരണ (കേരള) സംഘം—ധനസഹായം

സർവ്വവിജ്ഞാനകോശം, സാഹിത്യ വിജ്ഞാനകോശം തുടങ്ങിയവയുടെ പരിഷ്കരിച്ച പതിപ്പുകളുടെ പ്രസിദ്ധീകരണം, ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 2011-12 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാനുദ്ദേശിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനായി പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 43)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്—ധനസഹായം

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ജീർണ്ണിച്ച കെട്ടിടത്തിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. ആയതിനാൽ പുതിയ കെട്ടിടനിർമ്മാണം അനിവാര്യമാണ്. കെട്ടിടനിർമ്മാണ പൂർത്തീകരണം, പുസ്തക നിർമ്മാണം, ഭാഷാ നവീകരണം, സമഗ്ര ഭാഷാ രചന, മൺമറഞ്ഞ സാഹിത്യകാരൻമാരുടെ ശതാബ്ദി ആഘോഷം എന്നിവ

ഏറ്റെടുക്കുന്നതിനുവേണ്ടി പദ്ധതിവിഹിതത്തിൽ 150 ലക്ഷം രൂപയും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനും ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുമായി പദ്ധതിയേതര വിഹിതത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 44)

2205-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ധനസഹായം

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ നാല് ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മാണത്തിനും ജില്ലാ താലൂക്കുകളിലായി 50 കേന്ദ്രങ്ങളിൽ പുസ്തകമേള നടത്തുന്നതിനും ടി ശീർഷകത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 1.33 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 45)

2205-00-101-97—കേരള കലാമണ്ഡലത്തിന് ധനസഹായം

കേരള കലാമണ്ഡലത്തിന് കൽപ്പിത സർവ്വകലാശാല പദവി നൽകിയതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം നൽകുക, കാലപ്പഴക്കം വന്ന കൈയ്യെഴുത്ത് പ്രതികളും താളിയോലകളും ഡിജിറ്റൽ രൂപത്തിലാക്കുക, പുതിയ ലൈബ്രറി കെട്ടിടം നിർമ്മിക്കുക, കളരി, കൂത്തമ്പലം എന്നിവയുടെ നവീകരണം തുടങ്ങിയവയ്ക്കായും ഹോസ്റ്റലുകൾ, ഓഫീസ് ബിൽഡിംഗ് എന്നിവയുടെ നിർമ്മാണത്തിനായും പബ്ലിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനം, രംഗാവതരണം, സെമിനാർ എന്നിവയ്ക്കായും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 284 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 47)

2205-00-102-97—സാഹിത്യ അക്കാഡമി ധനസഹായം

സാഹിത്യ അക്കാഡമിയുടെ സുവർണ്ണ ജൂബിലി മന്ദിരനിർമ്മാണം, ലോക മലയാള സമ്മേളനം, അഖിലേന്ത്യാ കവി സമ്മേളനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 3.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 48)

ജീവനക്കാരുടെ ശമ്പള വർദ്ധനവ്, അക്കാഡമി നൽകുന്ന വിവിധ അവാർഡുകളുടെ തുകയിൽ വന്ന വർദ്ധനവ് എന്നീ ചെലവുകൾ വഹിക്കുവാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 27.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 49)

2205-00-102-87—നിർദ്ധനരായ കലാകാരന്മാർക്കുള്ള ധനസഹായം

സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന ഈ പദ്ധതി പ്രകാരം 1780 ഗുണഭോക്താക്കൾ നിലവിലുണ്ട്. പെൻഷൻ നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്ത മായതിനാൽ ടി ശീർഷകത്തിൽ 22.2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 50)

2205-00-102-82—തിരുവനന്തപുരം ഭാരത്ഭവൻ—ധനസഹായം

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയവരുടെ സാംസ്കാരിക-കലാ-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഭാരത് ഭവന്റെ ലക്ഷ്യം. ഭാരത് ഭവന്റെ പദ്ധതി നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 26.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 51)

2205-00-102-74—നാടൻ കലാ അക്കാഡമി ധനസഹായം—(ഫോക്‌ലോർ അക്കാഡമി)

അക്കാഡമി 2011-12 വർഷം പുതുതായി സ്ഥാപിക്കുന്ന തെയ്യം, പടയണി എന്നിവയുടെ പ്രദർശനത്തിനായുള്ള പി.കെ. കാളൻ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം, കൊടക്കാട് കണ്ണൻ പെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം, നാടൻകലാ ഗവേഷണ കേന്ദ്രം തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 52)

2205-00-102-67—അശരണർക്കും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തിര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം

അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കും സിനിമ, ടി.വി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിത്സാ സഹായം നൽകുന്നതി നുള്ള പദ്ധതിപ്രകാരം കൂടുതൽ പേർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 54)

സംസ്ഥാനത്ത് നിർമ്മിക്കുന്ന സിനിമകൾക്കുള്ള സബ്സിഡി ഏറ്റവും കുറച്ച് നൽകുന്ന സംസ്ഥാനമാണെന്നതിനാൽ കേരളത്തിൽ നിർമ്മിക്കുന്ന മലയാള സിനിമ കൾക്ക് ഇപ്പോൾ നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 55)

2205-00-102-90—സംഗീത നാടക അക്കാഡമിക്ക് ധനസഹായം

അന്താരാഷ്ട്ര നാടകോത്സവത്തിനായി കേരള സംഗീതനാടക അക്കാഡമിക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 8 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 56)

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി ധനസഹായം

2011-12 സാമ്പത്തികവർഷം അക്കാഡമിക്കായി വകയിരുത്തിയിട്ടുള്ള തുക അക്കാഡമി തുടർന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 16-ാമത് അന്തർദേശീയ ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 300 ലക്ഷം രൂപ, തലസ്ഥാന നഗരിയിൽ അക്കാഡമി ആസ്ഥാന മന്ദിരവും തീയേറ്റർ കോംപ്ലക്സും പണിയുന്നതിന് 5 കോടി രൂപ, ദേശീയ നിലവാരത്തിലുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനായി 2 കോടി രൂപ എന്നിങ്ങനെ പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 57)

2205-00-104-99—സംസ്ഥാന പുരാതന ഗ്രന്ഥശേഖരം

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന് പുരാരേഖകളുടെ സംരക്ഷണത്തിനും പുരാരേഖകളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനത്തിനുമായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 63)

2205-00-800-74—സംസ്ഥാന പുരാവസ്തു ഇൻസ്റ്റിറ്റ്യൂട്ട്—കലാ ചരിത്ര സംരക്ഷണം

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കാലക്രമത്തിൽ ഈ ശീർഷകം തന്നെ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. ആയതിനാൽ തൃപ്പൂണിത്തുറ ഹിൽ പാലസ് പരിസര സംരക്ഷണം, ഡിയർ പാർക്ക് പരിപാലനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും നിലവിലുള്ള കോഴ്സുകളുടെ നടത്തിപ്പ്, ലാബ് വികസനം, ലൈബ്രറി വികസനം, കുട്ടികളുടെ പാർക്കിന്റെ പുനരുദ്ധാരണം എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 130 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 64)

2205-00-800-73—സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ-ധനസഹായം

സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും സാഹിത്യ അക്കാഡമി, ലളിതകലാ അക്കാഡമി എന്നിവയിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ നൽകുന്ന ടി ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയേതര വിഹിതമായി 119 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2011-2012 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾക്ക് മറുപടി ലഭിച്ചവ, ലഭിക്കാത്തവ എന്നിവ വകുപ്പ് തിരിച്ചുള്ള പട്ടിക

| ക്രമ നമ്പർ | വകുപ്പ് | മറുപടി ലഭിച്ച ഖണ്ഡികകൾ | മറുപടി ലഭിക്കാത്ത ഖണ്ഡികകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പൊതുവിദ്യാഭ്യാസം | 1, 2, 3, 4, 5, 6, 7, 8, 25 | 9, 24, 26 |
| 2 | ഉന്നതവിദ്യാഭ്യാസം | 10, 11, 12, 13, 14, 15, 16, 18, 19, 20, 21, 22, 27, 28, 29, 30, 31, 32, 33, 34, 35 | 17, 23 |
| 3 | ശാസ്ത്രസാങ്കേതികം | 36, 37 | |
| 4 | കായികയുവജനകാര്യം | 38, 39 | 40, 41 |
| 5 | സാംസ്കാരികകാര്യം | 46, 53, 58, 59, 60, 61, 62 | 42, 43, 44, 45, 47, 48, 49, 50, 51, 52, 54, 55, 56, 57, 63, 64 |

**പി. കെ. അബ്ദു റബ്ബ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2012 ജൂലൈ 17.